(സി) രാത്രികാല പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയാൽ മാത്രമേ ഇത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കാൻ നടപടി

31 (6736) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ്സ്കാനർ സ്ഥാപിക്കുന്നതിന് 2014-15-ലെ വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ടോ ;

(ബി) ഇന്ത്യയിൽ തന്നെ സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ഇങ്ങനെയൊരു സംരംഭം എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പെറ്റ്സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെ വരെയായി എന്ന് വ്യക്തമാക്കാമോ ;

(ഡി) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ എന്നുമുതൽ ഇത് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ്സ്കാനർ സ്ഥാപിക്കുന്നതിനായി 8 കോടിരൂപ നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പഴയങ്ങാടി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

32 (6737) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയായ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുകയാണെങ്കിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് അനുമതി നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly